പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 186

23.3.2012-ൽ മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയത്തിൻെറ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** ട്രാവൻകൂർ ടൈറ്റാനിയത്തിൻെറ വികസനത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻെറ വിശദാംശം വ്യക്തമാക്കുമോ; കമ്പനി ഇപ്പോൾ നേരിടുന്ന പ്രമുഖ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | **(എ)** ട്രാവൻകൂർ ടൈറ്റാനിയത്തിൻെറ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. കമ്പനി ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധി അസംസ്കൃത വസ്തുവായ ഇൽമനൈറ്റിൻെറ ലഭ്യത കുറവാണ്. |
| **(ബി)** ടൈറ്റാനിയം പൗഡറിൻെറ മാർക്കറ്റിംഗിൽ ചൈനീസ് കമ്പനികളുടെ കടന്നുകയറ്റം മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | **(ബി)** ടി. ടി. പി യിൽ ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും, സ്ഥിരത നിലനിർത്തുകയും ചെയ്യുക വഴി മെച്ചപ്പെട്ട ഉൽപന്നം ഉപയോഗിക്കുന്ന ഉപഭോക്താക്കളെ നിലനിർത്താൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഉപഭോക്താക്കളുമായി നിരന്തരം സമ്പക്കർത്തിലേർപ്പെട്ടുകൊണ്ട് ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് ഉൽപ്പന്നത്തിൽ സാങ്കേതികമായ മാറ്റങ്ങൾ വരുത്തി നൽകാനും കമ്പനി ശ്രമിക്കുന്നുണ്ട്. മെച്ചപ്പെട്ട വിപണന ശൃംഖല രൂപപ്പെടുത്തുക വഴി കൃത്യ സമയത്തുതന്നെ ഉൽപന്നങ്ങൾ ഉപഭോക്താവിന് എത്തിച്ചുനൽകാൻ സാധിക്കുന്നുണ്ട്. ടൈറ്റാനിയം വിപണന രംഗത്ത് ഉണ്ടാകുന്ന വ്യതിയാനങ്ങൾ വിലയിരുത്തി കാലാകാലങ്ങളിൽ വിലനിലവാരം |

മാറ്റിയിട്ടുണ്ട്. ഉപഭോക്താക്കളെ ആകർഷിക്കുവാനും നിലനിർത്തുവാനും വേണ്ടി പുതിയ ഡിസ്കൗണ്ട് സ്കീമുകൾ നടപ്പിലാക്കുകയും കാലാകാലങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഉൽപ്പന്ന വിലയും വിപണി നിലവാരത്തിനനുസരിച്ച് ക്രമീകരിക്കാൻ കമ്പനി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം ചൈനീസ് പിഗ്മെന്റിൽനിന്നുള്ള മത്സരം കമ്പനിയെ ദോഷകരമായി ബാധിക്കുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ഇറക്കുമതിച്ചുങ്കം കുറച്ച നടപടി ട്രാവൻകൂർ ടൈറ്റാനിയത്തെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2010-11 മുതൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി ചുങ്കം 10 ശതമാനമാണ്. ഈ കാലഘട്ടത്തിൽ ഇറക്കുമതിചെയ്യുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉൽപാദകർ വില വർദ്ധിപ്പിച്ചു. വിദേശ കറൻസിയും ഇന്ത്യൻ രൂപയുമായുള്ള വിനിമയ നിരക്കിൽ ഏതാണ്ട് 30 ശതമാനം വർദ്ധന വന്നിട്ടുണ്ട്. തന്മൂലം ഇറക്കുമതി ചെയ്യുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇൻഡ്യയിലെ വിലയിൽ ഗണ്യമായ വർദ്ധന വന്നിട്ടുണ്ട്. മേൽപറഞ്ഞ സാഹചര്യത്തിൽ, ഇറക്കുമതി ചുങ്കം കുറച്ച നടപടി ടി. ടി. പി യുടെ ഉൽപന്നവിലയെ കാര്യമായി ബാധിച്ചില്ല. 2010-11 ലും 2011-12 ലും ലാഭകരമായി ഉൽപാദനം നടത്താൻ കമ്പനിക്ക് സാധിച്ചിട്ടുണ്ട്.

(ഡി) ഇറക്കുമതി ചെയ്യുന്ന ടൈറ്റാനിയം പൗഡറിൻെറ ഗുണനിലവാരം പരിശോധിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി) TTPL ടൈറ്റാനിയം പിഗ്മെൻറ് ഇറക്കുമതി ചെയ്യുന്നില്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

Ajithab

സെക്ഷൻ ഓഫീസർ